**2019-2020**

# Nadaka Kalari

The Performing Arts Club of MBCET in association with "Akshara Sthree" , a literacy club of women, organized a drama workshop titled 'Nadaka Kalari' At Olympia on 25-01-2020 from 9.30 am to 4.00 pm. 20 first year B Tech Degree students from the performing arts club of MBCET participated in this workshop.






# നാടക ശില്പശാല നടത്തി



അക്ഷരസ്ത്രീ തിരുവനന്തപുരം ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നാടകശിൽപശാലയിൽ പങ്കെടുത്തവർ

തിരുവനന്തപുരം: മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജിൽ അക്ഷരസ്ത്രീ തിരുവനന്തപുരം ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഏകദിന നാടക ശില്പശാല നടത്തി. മാലാ കാലാക്കലിന്റെ നേതൃത്വത്തിലായിരുന്നു ശില്പശാല. ഡോ.എം.ജെ ജയശ്രീ യോഗം ഉദ്ഘാടനം ചെയ്തു. ഇന്നത്തെ സമൂഹത്തിൽ നാടകത്തിനുള്ള സ്ഥാനം സംബന്ധിച്ച് അക്ഷരസ്ത്രീ പ്രസിഡന്റായ ഡോ. ആനിയമ്മ ജോസഫ് തന്റെ പ്രസംഗത്തിൽ വിശദീകരിച്ചു. കുട്ടികൾ സഭാകമ്പമില്ലാതെ സ്റ്റേജിൽ നാടകാവതരണം നടത്തുന്നതിനെപ്പറ്റി രക്ഷാധികാരി പ്രൊഫ.ലീലാ മേരി കോശിയും വിവരിച്ചു. തുടർന്ന് മാലാ കാലാക്കൽ നാടകത്തിൽ ഭാവസ്ഫുരണം എങ്ങനെ വേണമെന്ന് കുട്ടികൾക്കു കാട്ടിക്കൊടുത്തു. സമാപനസമ്മേളനത്തിൽ പ്രസിദ്ധ കവയത്രി റോസ് മേരി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ജിഷ എസ്.വി, അക്ഷരസ്ത്രീയുടെ തിരുവനന്തപുരം ചാപ്റ്റർ ഭാരവാഹികളായ ആനി കോരുത്, സ്മിത സുകുമാരൻ തുടങ്ങിയവർ കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. അക്ഷരസ്ത്രീയുടെ ജനറൽ സെക്രട്ടറി സുജാത ശ്രീകുമാർ, മിനി നരേന്ദ്രൻ, പ്രോഗ്രാം സെക്രട്ടറി പുഷ്പമ്മ ചാണ്ടി എന്നിവരും പങ്കെടുത്തു.